**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **203**

04.06.2018 ൽ മറുപടിയ്ക്ക്

## സ്റ്റേഡിയങ്ങൾക്ക് ഈടാക്കുന്ന ഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിന്റെ ഏതൊക്കെ സ്റ്റേഡിയങ്ങൾ പോലീസ് വിഭാഗങ്ങൾക്കും പൊതുജനങ്ങൾക്കും കായികാവശ്യത്തിനും മറ്റുമായി ഫീസീടാക്കി അംഗത്വം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ആഭ്യന്തര വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പോലീസ് സേനാവിഭാഗത്തുള്ളവർക്കും പൊതുജനങ്ങൾക്കും കായിക ആവശ്യത്തിനും മറ്റുമായി ഫീസ് ഈടാക്കി അംഗത്വം നൽകിവരുന്നുണ്ട്. |
| (ബി) സംസ്ഥാനഖജനാവിൽ നിന്ന് തുക ചെലവഴിച്ച് പണികഴിപ്പിച്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഉപയോഗിക്കുന്നതിന് പോലീസുകാർക്കും കുടുംബാംഗങ്ങൾക്കും ഉള്ള ഫീസിന്റെ മൂന്നിരട്ടി പൊതുജനങ്ങളിൽ നിന്ന് ഈടാക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ;<br>(സി) പൊതുജനസമ്പത്ത് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റേഡിയം സാധാരണക്കാർക്കുകൂടി ഉപയോഗിക്കുന്നതിന് അനുയോജ്യമായ ഫീസ് ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ | (ബി) യും (സി) യും കേരള പോലീസ് സ്പോർട്ട്സ് ആൻഡ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ കീഴിലാണ് ചന്ദ്രശേഖരൻനായർ സ്റ്റേഡിയം നിലവിൽ പ്രവർത്തിക്കുന്നത്. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം, അറ്റകുറ്റ പണികൾ, പർച്ചേസുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ തുക സേനാംഗങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഫീസ് ഇനത്തിൽ ഈടാക്കിയാണ് നടത്തുന്നത്. ഉയർന്ന ഫീസീടാക്കുന്നു എന്നു ആരോപണം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ